നം.ജിഎച്ച്കെ/37/2026

സർക്കാർ അതിഥി മന്ദിരം
വിനോദ സഞ്ചാര വകുപ്പ്
വെസ്റ്റ്ഹിൽ, കോഴിക്കോട്
പിൻകോഡ് : 673005
ഫോൺ: 0495 2383920
E-mail:ghkozhikode@keralatourism.org
തിയ്യതി: 11/05/2026

## ടെൻഡർ നോട്ടീസ്

വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് സർക്കാർ അതിഥി മന്ദിരത്തിൽ താമസത്തിനെത്തുന്ന അതിഥികൾ ഉപയോഗിക്കുന്ന തുണിത്തരങ്ങൾ അലക്കി വൃത്തിയാക്കി ഇസ്തിരിയിട്ട് തിരികെ ഏൽപ്പിക്കുന്നതിന് ലോൺട്രി സേവന മേഖലയിൽ പരിചയസമ്പന്നരായ വ്യക്തികൾ / സ്ഥാപനങ്ങൾ മുതലായവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് ഫോറവും, കരാർ വ്യവസ്ഥകളും 400/- രൂപ + നികുതി നിരക്കിൽ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.15 മുതൽ 5.15 വരെയുള്ള സമയത്ത് കോഴിക്കോട് സർക്കാർ അതിഥി മന്ദിരത്തിലെ ഓഫീസിൽ നിന്നും 11.05.2026 മുതൽ ലഭിക്കുന്നതാണ്. നിരത ദ്രവ്യം ആയി 5000/- രൂപയുടെ (അയ്യായിരം രൂപ മാത്രം) ഡയറക്ടർ, ടൂറിസം വകുപ്പ് എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പൂരിപ്പിച്ച ദർഘാസുകൾ 25.05.2026 തിങ്കളാഴ്ച്ച ഉച്ചയ്ക്ക് 2.30 വരെ കോഴിക്കോട് സർക്കാർ അതിഥി മന്ദിരത്തിലെ ഓഫീസിൽ സ്വീകരിക്കുന്നതാണ്. കോഴിക്കോട് സർക്കാർ അതിഥി മന്ദിരത്തിൽ വെച്ച് അന്നേ ദിവസം (25.05.2026) ഉച്ചയ്ക്ക് 3 മണിക്ക് ഹാജരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതായിരിക്കും. ദർഘാസുകൾ തുറക്കുന്നത് നീട്ടിവയ്ക്കാനോ റദ്ദ് ചെയ്യാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് സർക്കാർ അതിഥി മന്ദിരത്തിലെ ഓഫീസിൽ നേരിട്ടോ, 0495 - 2383920 എന്ന ടെലഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

മാനേജർ